(ഇ) സ്ത്രീ ശാക്തീകരണം ആരോഗ്യ ശുചിത്വബോധവത്ക്കരണം, കക്കൂസ് നിർമ്മാണം, നീർമറി വികസനം; മലിനജലം ഒഴുക്കികളയുന്നതിനുള്ള പദ്ധതി മുതലായവയുടെ പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

(എഫ്) വനിതകൾക്ക് പുരുഷൻമാരോടൊപ്പം തുല്യപങ്കാളിത്തമുള്ള ഗുണഭോക്തൃസമിതികളാണ് പദ്ധതി നടത്തുന്നത്. കൂടാതെ വനിതകളുടെ സാമൂഹ്യവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് വനിതകൾക്ക് മാത്രമായി വൈദഗ്ദ്ധ്യ സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾക്കും പദ്ധതി പ്രകാരം അവസരങ്ങൾ ലഭ്യമാണ്. വനിതാ സംരംഭങ്ങൾക്കുവേണ്ടി 10 കോടി രൂപ പദ്ധതിയിൽ വകയിരുത്തി യിട്ടുണ്ട്.

നടപ്പുവർഷം നടപ്പാക്കുന്ന വൈദ്യുതി പദ്ധതികൾ

28 (*58) ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എളമരം കരീം :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനവൈദ്യുതി ബോർഡ് നടപ്പുസാമ്പത്തികവർഷം ഏതെല്ലാം പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) നടപ്പു സാമ്പത്തികവർഷം നിർമ്മാണം ആരംഭിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(സി) നടപ്പു സാമ്പത്തിക വർഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതും ആരംഭിക്കാനുദ്ദേശിക്കുന്നതുമായ വൈദ്യുതി പദ്ധതികളോരോന്നിലും എത്ര മെഗാവാട്ട് വൈദ്യുതി വീതമാണ് ഉല്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നിർമ്മാണത്തിലിരിക്കുന്നതും നിർമ്മാണം ആരംഭിക്കാൻ ഉദ്ദേശിക്കുന്നതുമായ വൈദ്യുത പദ്ധതികൾ എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ ആകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത പദ്ധതികളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെങ്കിലും ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) താഴെപ്പറയുന്ന വൈദ്യുതി പദ്ധതികളുടെ പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. കുറ്റ്യാടി ടെയിൽറേസ് പദ്ധതി - 3.75 മെഗാവാട്ട്
2. ചെംപുക്കടവ് ഒന്നാംഘട്ടം - 2.7 മെഗാവാട്ട്
3. കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ - 100 മെഗാവാട്ട്

(ബി) പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. ചെംപുക്കടവ് രണ്ടാംഘട്ടം - 3.75 മെഗാവാട്ട്
2. ഉറുമി ഒന്നാംഘട്ടം - 3.75 മെഗാവാട്ട്
3. ഉറുമി രണ്ടാംഘട്ടം - 2.4 മെഗാവാട്ട്
4. ആതിരപ്പിള്ളി ജലവൈദ്യുത പദ്ധതി - 163 മെഗാവാട്ട്
5. നേര്യാമംഗലം എക്സ്റ്റൻഷൻ - 25 മെഗാവാട്ട്
6. ചെങ്കുളം ആഗ്മെന്റേഷൻ - 85 മില്യൺയൂണിറ്റ്

(സി) പ്രസ്തുത പദ്ധതികളിൽ നിന്നും ഉല്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള വൈദ്യുതിയുടെ അളവ് ചുവടെ ചേർക്കുന്നു.

1. കുറ്റ്യാടി ടെയിൽറേസ് - 3.75 മെഗാവാട്ട്
2. ചെംപുക്കടവ് ഒന്നാംഘട്ടം - 2.7 മെഗാവാട്ട്
3. ചെംപുക്കടവ് രണ്ടാംഘട്ടം - 3.75 മെഗാവാട്ട്
4. ഉറുമി ഒന്നാംഘട്ടം - 3.75 മെഗാവാട്ട്
5. ഉറുമി രണ്ടാംഘട്ടം - 2.4 മെഗാവാട്ട്
6. ആതിരപ്പിള്ളി ജലവൈദ്യുത പദ്ധതി - 163 മെഗാവാട്ട്
7. കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ - 100 മെഗാവാട്ട്
8. നേര്യമംഗലം എക്സ്റ്റൻഷൻ - 25 മെഗാവാട്ട്
9. ചെങ്കുളം ആഗ്മെന്റേഷൻ - 85 മില്യൺയൂണിറ്റ്

(ഡി) നിർമ്മാണത്തിലിരിക്കുന്നതും നിർമ്മാണം ആരംഭിക്കാൻ ഉദ്ദേശിക്കുന്നതുമായ വൈദ്യുത പദ്ധതികൾ, കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്ന തീയതി എന്നിവ ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	പദ്ധതിയുടെ പേര്	ഉല്പാദനശേഷി	കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്ന തീയതി
(1)	(2)	(3)	(4)
1.	മലങ്കര	10.5 മെഗാവാട്ട്	3/2002
2.	മലമ്പുഴ	2.5 മെഗാവാട്ട്	പണിപൂർത്തിയായി
3.	അഴുത ഡൈവേർഷൻ	57 മില്യൺ യൂണിറ്റ്	5/2002
4.	വഴിക്കടവ് ഡൈവേർഷൻ	24 മി.യൂ.	12/2001
5.	വടക്കേപ്പുഴ ഡൈവേർഷൻ	12 മി.യൂ.	12/2002
6.	കുറ്റിയാർ ഡൈവേർഷൻ	37 മി. യൂ.	12/2002
7.	കുറ്റ്യാടി ആഗ്മെന്റേഷൻ	223 മി.യൂ.	കോൺട്രാക്ടറുമായുള്ള കേസ്സുപ്രീംകോടതിയുടെ പരിഗണനയിലാണ്
8.	കുത്തുങ്കൽ	21 മെഗാവാട്ട്	3/2001
9.	ഉള്ളുങ്കൽ	7 മെഗാവാട്ട്	3/2001
10.	ഭൂതത്താൻകെട്ട്	16 മെഗാവാട്ട്	3/2001
11.	കരിക്കയം	15 മെഗാവാട്ട്	12/2002
12.	കുറ്റ്യാടി ടെയിൽറേസ്	3.75 മെഗാവാട്ട്	4/2003
13.	ചെറുപുക്കടവ് ഒന്നാംഘട്ടം	2.7 മെഗാവാട്ട്	3/2002
14.	ചെറുപുക്കടവ് രണ്ടാംഘട്ടം	3.75 മെഗാവാട്ട്	3/2002
15.	ഉറുമി ഒന്നാംഘട്ടം	3.75 മെഗാവാട്ട്	3/2002
16.	ഉറുമി രണ്ടാംഘട്ടം	2.4 മെഗാവാട്ട്	3/2002
17.	ആതിരപ്പിള്ളി	163 മെഗാവാട്ട്	പണി ആരംഭിച്ച് 4 വർഷം കൊണ്ട് പൂർത്തിയാക്കാൻ ആണ് ഉദ്ദേശിക്കുന്നത്.
18.	കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ	100 മെഗാവാട്ട്	പണി ആരംഭിച്ച് മുന്നര വർഷം കൊണ്ട് പൂർത്തി ആക്കാനാണ്ഉദ്ദേശിക്കുന്നത്
19.	നേര്യമംഗലം എക്സ്റ്റൻഷൻ	25 മെഗാവാട്ട്	നിർമ്മാണം ആരംഭിച്ച് 3 വർഷംകൊണ്ട് പൂർത്തി ആക്കാനാണ് ഉദ്ദേശിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
20.	ചെങ്കുളം ആഗ്മെന്റേഷൻ	85 മി.യൂ.	നിർമ്മാണം ആരംഭിച്ച് 4 വർഷംകൊണ്ട് പൂർത്തി ആക്കാനാണ് ഉദ്ദേശിക്കുന്നത്.
21.	ലോവർ മീൻമുട്ടി	3.75 മെഗാവാട്ട്	12/2002
22.	തോട്ടിയാർ	70 മെഗാവാട്ട്	2004
23.	മാങ്കുളം	40 മെഗാവാട്ട്	2005
24.	ബി.എസ്.ഇ.എസ്	35.5 മെഗാവാട്ട്	3/2001
25.	കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡ്	20 മെഗാവാട്ട്	3/2001
26.	ഡി.സി. പവർ കാസർഗോഡ്	105 മെഗാവാട്ട്	9/2002

(ഇ) പദ്ധതികളുടെ പുരോഗതി വിലയിരുത്തുകയും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വേണ്ട നിർദ്ദേശം യഥാസമയം നല്കുന്നു. ഓരോ പദ്ധതിയുടേയും നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാനും പുരോഗതി അവലോകനം ചെയ്യുവാനും വേണ്ടി പ്രോജക്ട് മാനേജർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ സമയാസമയങ്ങളിൽ പ്രത്യേകം മോണിറ്ററിംഗ് കമ്മിറ്റി പദ്ധതി അവലോകനം ചെയ്യുന്നുണ്ട്. പദ്ധതി നടത്തിപ്പിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുകയും പദ്ധതി നടത്തിപ്പിലെ ബുദ്ധിമുട്ടുകൾ ചർച്ച ചെയ്ത് അപ്പപ്പോൾ തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നുണ്ട്. ഓരോ ജോലിയ്ക്കും കൃത്യമായ സമയപരിധി നിശ്ചയിച്ച് നിർദ്ദിഷ്ട ഓഫീസർമാർക്ക് അതിന്റെ ചുമതല നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ പോപ്പുലർ കമ്മിറ്റി രൂപീകരിച്ച് പ്രസ്തുത കമ്മിറ്റിയുടെ സഹായവും പ്രയോജനപ്പെടുത്തിവരുന്നു.

മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ്

29 (*59) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തുടർച്ചയായി ഭൂചലനം അനുഭവപ്പെടുന്നതിനാൽ മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് ഉയർത്താനുള്ള നീക്കം ജനങ്ങളിൽ വൻഭീതി സൃഷ്ടിച്ചിരിക്കുന്നതിനാൽ ജലനിരപ്പ് ഉയർത്തുന്നതിനെതിരെ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇൻഡ്യൻ ഇൻഡിപെന്റന്റ് ആക്ട്, സ്റ്റേറ്റ് റീ ഓർഗനൈസേഷൻ ആക്ട് എന്നീ വ്യവസ്ഥപ്രകാരം മുല്ലപ്പെരിയാർ നദീജല കരാറിന് ഇപ്പോൾ നിയമപ്രാബല്യമുണ്ടോ എന്നതിനെ സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly